K.S.R.T.C. -യുടെ ചെലവ്

400 (378) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ KSRTC-ക്ക് ചെലവിനത്തിൽ (പ്രൊഡക്ടീവും/ഇതരവും) എത്ര തുക വന്നിട്ടുണ്ട്;

(ബി) കഴിഞ്ഞ L.D.F ഗവൺമെന്റിന്റെ കാലയളവിൽ എന്ത് തുക മേൽപ്പറഞ്ഞ ഇനത്തിൽ വന്നിട്ടുണ്ട്;

(സി) ചെലവിനത്തിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏത് കാലയളവിലാണ് ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) KSRTC അതിന്റെ ചെലവ് ചുരുക്കൽ നടപടി താഴെക്കിടയിലെ ജീവനക്കാരിൽ മാത്രം ഒതുക്കി നിർത്താതെ മുകൾതട്ടിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ചെലവിനത്തിൽ (തേയ്മാനം ഒഴികെ) വന്നിട്ടുള്ള തുക

വർഷം	പ്രൊഡക്ടീവ് (കോടി രൂപയിൽ)	ഇതരം (കോടി രൂപയിൽ)	ആകെ (കോടി രൂപയിൽ)
2011-12	1313.30	528.74	1842.04
2012-13	1492.86	584.41	2077.27
2013-14	1655.11	709.00	2364.11 (ആഡിറ്റ് ചെയ്യാത്തത്)
2014-15	1858.22	715.56	2573.78 (ആഡിറ്റ് ചെയ്യാത്തത്)

2015-16 സാമ്പത്തിക വർഷത്തെ നാളിതു വരെയുള്ള (ഡിസംബർ 31 വരെ) ചെലവ് 2528.93 കോടി രൂപ (ഓഡിറ്റ് ചെയ്യാത്തത്)

GPM. 2/237/2020-118

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വർഷം	പ്രൊഡക്ടീവ് (കോടി രൂപയിൽ)	ഇതരം (കോടി രൂപയിൽ)	ആകെ (കോടി രൂപയിൽ)
2006-07	731.02	259.50	990.52
2007-08	682.04	297.64	979.68
2008-09	829.80	302.40	1132.20
2009-10	966.32	371.80	1338.12
2010-11	1152.69	456.48	1609.17

(സി) 2011-12 കാലഘട്ടത്തിൽ.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് ചുരുക്കൽ നടപടി സമസ്ത മേഖലയിലും നടപ്പാക്കുന്നുണ്ട്.

ഓട്ടോറിക്ഷകളിലെ മീറ്റർ

401 (379) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനം നടത്തിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന സമയത്ത് മാത്രം ഓട്ടോറിക്ഷകളിലെ മീറ്റർ പ്രവർത്തിപ്പിക്കുകയും പിന്നീട് നിശ്ചലമാക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഓട്ടോറിക്ഷകളിലെ മീറ്റർ സംവിധാനമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, മീറ്റർ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) മീറ്റർ പ്രവൃത്തിപ്പിക്കാതെ ഓടുന്ന ഓട്ടോറിക്ഷകൾക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ& ബി) ഇല്ല.

(സി) എല്ലാ ഓട്ടോറിക്ഷകളിലും ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്തിട്ടുള്ള ഫെയർ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്നും

LIBRARY ARCHIVES Kerala Legislative Assembly